ശ്രീ. സി.എ. കുര്യൻ: ഗവൺമെൻറ് പ്രസ്സുകളിൽ ജോലി കൂടുതൽ വരുന്നതുകൊണ്ട് ഇപ്പോഴും സ്വകാര്യപ്രസ്സുകളെ ജോലി ഏൽപിക്കുന്നുണ്ട്. അതുകൊണ്ട് പുതിയതായി പ്രസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ് ആരംഭിക്കുന്നത് എവിടെയാണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴും ഗവൺമെൻറിനാവശ്യമുള്ള എല്ലാ പ്രിൻറിങ്ങിനും സൗകര്യമുണ്ട്. തൃക്കാക്കര പ്രസ് വന്നതോടുകൂടി വെളിയിൽ കൊടുക്കേണ്ട ആവശ്യമില്ല. പോരെങ്കിൽ 400-ാം വർഷം ആചരിക്കുന്നതിൻറെ സ്മാരകമായി കേരളത്തിൽ ഒരു പ്രസ്സുകൂടി തുടങ്ങുമെന്ന് തീരുമാനിച്ച് നടപടികളാരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: പ്രസ് ജീവനക്കാരുടെ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ച് ഒരു ലേബർ ഓഫീസറെ നിയോഗിക്കാമെന്നും യൂണിയനുകൾക്ക് കൊടുത്ത ഉറപ്പ് പാലിക്കുമെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ജോബ് ഇവാലുവേഷൻ നടത്താമെന്ന വാഗ്ദാനം പാലിക്കുമെന്നാണ് പറഞ്ഞത്. മൂന്നുപേരുടെ പേരു പറഞ്ഞു; ആദ്യത്തെ രണ്ടുപേർക്കും അസൗകര്യമാണെന്നുപറഞ്ഞു മൂന്നാമത്തെ ആളിനോട് ഏറെറടുക്കാമോ എന്നു ചോദിച്ചിരിക്കുകയാണ്. അദ്ദേഹം ഡൽഹിയിൽ പോയിരിക്കുന്നു. ഇന്നോ നാളെയോ മറുപടി കിട്ടും.

എക്സൈസ് നിയമം

* 721 [784] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് എക്സൈസ് നിയമം കർശനമായി നടപ്പാക്കിയാൽ കേരളത്തിലെ 50 ശതമാനം മദ്യ ഷോപ്പുകളും അടച്ചിടേണ്ടതായി വരുമെന്നുള്ള ഡോക്ടർ സുശീലാ നയ്യാരുടെ അഭിപ്രായം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ മേൽപ്പറഞ്ഞ നിയമം കർശനമായി നടപ്പാക്കാൻ ഉദ്യോഗസ്ഥ സഹകരണം ഇല്ലെന്നുള്ള പരാതി ശരിയാണോ;

(സി) ഈ നിയമം കർശനമായി നടപ്പാക്കാൻ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ഗവൺമെൻറിനുള്ളത്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ,

(എ) ഇല്ല.

(ബി) ശരിയല്ല.

(സി) എക്സൈസ് നിയമം ഇപ്പോഴുംതന്നെ കർശനമായി നടപ്പാക്കുന്നുണ്ട്. അതുകൊണ്ടു നിർദ്ദേശങ്ങളുടെ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും 400 മീറർ അകലെ മാത്രമേ മദ്യശാല സ്ഥാപിക്കാവൂ എന്ന നിയമം കർശനമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: കർശനമാക്കണമെന്നുതന്നെയാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. കർശനമാക്കുന്നുമുണ്ട്. പക്ഷേ ഈ നിയമത്തിന് ഒഴിവുനൽകാൻ ബോർഡിന് അധികാരമുണ്ട്. ചില പ്രദേശങ്ങളിൽ ഇങ്ങനെ എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. അതു നാട്ടുകാർക്ക് ക്ലേശകരമാണെങ്കിൽ അതിനെപ്പറ്റി പുനരാലോചിക്കുകയും മാറ്റിക്കൊടുക്കുകയും ചെയ്യാം.

ശ്രീ. വി.ജെ. ജോസഫ്: വിദ്യാഭ്യാസ - മതസ്ഥാപനങ്ങളിൽ നിന്നൊക്കെ ഷാപ്പുകൾക്കുള്ള ദൂരം അളക്കുന്നത് റോഡിലൂടെയാണോ അന്തരീക്ഷത്തിലൂടെയാണോ എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദൂരം സാധാരണ അളക്കുന്നത് റോഡിലൂടെയാണ്.

മി. സ്പീക്കർ: കുണ്ടുംകുഴിയുമാണെങ്കിൽ ചിലപ്പോൾ അന്തരീക്ഷത്തിലൂടെയും അളക്കും.

ശ്രീ. എം. വി. രാഘവൻ: വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ക്ഷേത്രങ്ങൾക്കും അകലെയായി ഷാപ്പുവയ്ക്കുന്നതിനെപ്പറ്റി പറഞ്ഞു. ചില ദൈവങ്ങൾക്ക് കള്ള് അത്യാവശ്യമാണെന്നുള്ളതു പരിഗണിച്ച് അവിടെ അടുത്തു വയ്ക്കാനും ഏർപ്പാടുചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദൈവത്തിന്റെ അപേക്ഷ കിട്ടിയാൽ തീർച്ചയായും പരിഗണിക്കാം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഇന്ന് ദേവാലയമോ ഏതെങ്കിലും മതസ്ഥാപനമോ ഇല്ലാത്ത സ്ഥലമില്ല. അതുകൊണ്ട് ഈ നിയമത്തിനു മാറ്റംവരുത്തണമെന്ന നിർദ്ദേശമല്ലേ ശരി?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ നിയമത്തിനു മാറ്റംവരുത്തണമെന്നും ഇതു ബുദ്ധിമുട്ടുള്ള നിയമമാണെന്നും കാണിച്ച് പരാതികൾ ധാരാളം ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സ്വഭാവം വച്ചുനോക്കുമ്പോൾ 400 മീറ്റർ അകലെയേ പാടുള്ളൂ എന്നു കർശനമായി നിയന്ത്രിച്ചാൽ ഷാപ്പുകൾ വയ്ക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ പലയിടങ്ങളിലുമുണ്ട്; പ്രത്യേകിച്ചും മലബാർ പ്രദേശങ്ങളിൽ, ടൗണുകളിൽ. ആവശ്യമായിവന്നാൽ ഒഴിവാക്കാനാണ് അതിനുള്ള അധികാരം ബോർഡിനു കൊടുത്തിട്ടുള്ളത്. ചിലയിടങ്ങളിൽ എക്സംപ്ഷൻ കൊടുത്തിട്ടുമുണ്ട്. വളരെ കർശനമായി പാലിക്കാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ കർശനമായി പാലിക്കാൻ നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ശ്രീ. പി.കെ. ശങ്കരൻകുട്ടി: 400 മീറ്റർ അകലെയേ പാടുള്ളൂ എന്നു കർശനമായി പറയുകയും ഒഴിവാക്കാൻ അധികാരം കൊടുക്കുകയും ചെയ്യുന്ന ഇരുതലമൂരി നയം മാറ്റി ഒന്നുകിൽ നിയമം നടപ്പിൽ വരുത്തുക അല്ലെങ്കിൽ വേണ്ടെന്നുവയ്ക്കുക എന്ന ഒരു നിലപാട് എടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരുതലനയംതന്നെയാണ്. സാർവത്രികമായി എക്സംപ്ഷൻ കൊടുത്തുകൊണ്ട് രണ്ടുതലനയം സ്വീകരിച്ചിരിക്കുന്നു എന്നു തെറ്റിദ്ധരിക്കരുത്.

ശ്രീ. ഇ. അഹമ്മദ്: 400 മീറ്റർ അകലെമാത്രമേ പാടുള്ളൂ എന്നത് കർശനമായി നടപ്പിലാക്കുകയാണു ബഹുജനങ്ങളുടെ, വിശിഷ്യാ ഭൂരിപക്ഷത്തിന്റെ, ആവശ്യമെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരായ എല്ലാ നീക്കങ്ങളോടും മതവിശ്വാസികൾക്കും വിദ്യാഭ്യാസ വിചക്ഷണൻമാർക്കും എതിർപ്പുണ്ടെന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിയമം കർശനമായി ഗവൺമെൻറ് നടപ്പിലാക്കി വരികയാണ്. അതിൽ അയവു വരുത്തുന്നില്ല.

ഡോ. കെ.സി. ജോസഫ്: പത്തുപന്ത്രണ്ടുവർഷമായി സ്ഥിരമായി പ്രവർത്തിക്കുന്ന ഷാപ്പോ, മദ്യവില്പനശാലയോ ഒരു സ്ഥലത്തുള്ളപ്പോൾ അവിടെ ഒരു വിദ്യാഭ്യാസസ്ഥാപനം, ഒരു നേഴ്സറി സ്കൂളോ മറ്റോ വന്നാൽ ആ ഷാപ്പ് മാറണം എന്നുള്ളതു ഗവൺമെൻറിന്റെ നയമാണോ? പത്തുപന്ത്രണ്ടു വർഷമായി സ്ഥിരമായി ഇരിക്കുന്ന സ്ഥലത്തിന് എന്തെങ്കിലും പരിഗണന നൽകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നേരത്തെ ഇരിക്കുന്ന സ്ഥലത്തിന് ഒരു പ്രാധാന്യം നൽകേണ്ടതാണ്. പക്ഷേ ഷാപ്പിനേക്കാൾ കൂടുതൽ പ്രാധാന്യം വിദ്യാലയങ്ങൾക്കും മതസ്ഥാപനങ്ങൾക്കും നമ്മൾകൊടുക്കുന്നതുകൊണ്ട്, മതസ്ഥാപനങ്ങളും വിദ്യാലയങ്ങളും പ്രായംകുറഞ്ഞതാണെങ്കിലും പ്രാമുഖ്യം കൊടുത്ത് മാറ്റുന്നു മാറ്റാൻ നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ: അമ്പലങ്ങളിലും പള്ളികളിലും പോകുന്ന ഭക്തൻമാർക്കെതിരായി ഇങ്ങനെയൊരു വിവേചനംകൊണ്ടുവന്നതു ശരിയാണോ? ഇതു പുനഃപരിശോധിച്ച് നിയമത്തിൽ ഭേദഗതി വരുത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ദേവാലയത്തിൽ പോകുന്നവർ കുടിക്കുമോ എന്നതിന്റെ അടിസ്ഥാനത്തിലാണ് ചിന്തിക്കേണ്ടത്; അവരുപയോഗിക്കുകയില്ലെന്നാണ് ഗവൺമെൻറിന്റെ വിശ്വാസം.

ശ്രീ. പി.പി. എസ്തോസ്: എക്സൈസ് റൂംസിൽ വരുത്തിയ ഒരു ഭേദഗതി പ്രകാരമാണ് 400 മീറ്റർ അകലെ മാത്രമേ പാടുള്ളൂ എന്നു വന്നത്. വളരെമുൻപ് റൂംസിൽ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടായിരുന്നില്ല. അടുത്തകാലത്തുവരുത്തിയിട്ടുള്ള ഭേദഗതിയുടെ ഫലമായി മദ്യവ്യവസായത്തിലെ തൊഴിലാളികൾക്കും വ്യവസായികൾക്കും, പ്രത്യേകിച്ചും തലശ്ശേരിയിൽ, ഉണ്ടായിട്ടുള്ള വൻപിച്ച നഷ്ടം കണക്കിലെടുത്ത് നഷ്ടപരിഹാരം കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേരളത്തിൽ മാത്രമാണ് ഇത്രയും അകലം വച്ചിട്ടുള്ളത്; മറ്റു പലയിടത്തും അടുത്തടുത്താണു ഷാപ്പുകൾ നടത്തുന്നത്. കേരളത്തിൽ ഇങ്ങനെയൊരു നിയമമുള്ളത് പാലിക്കപ്പെടാതിരിക്കാൻ നിവൃത്തിയില്ല. ലേലത്തിനുമുൻപ് ഈ വ്യവസ്ഥയെല്ലാം വിശദമായി വിളിച്ചുപറയുന്നു എന്നുള്ളതുകൊണ്ട് പിന്നെ ഷാപ്പുവയ്ക്കുന്നതെല്ലാം ഷാപ്പുടമയുടെ സ്വന്തം നഷ്ടത്തിൽ മാത്രമേ ആവുകയുള്ളൂ.

ഗിരിവർഗ്ഗക്കാരുടെ ചികിൽസാരീതികൾ നിലനിറുത്താൻ നടപടി

* 722 [785] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യ വികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ആദിവാസികളുടെ കലകൾ പുനരുദ്ധരിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly